**No.CEE/1800/B.Tech (LE)-2020/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2020-21 അദ്ധ്യയന വർഷത്തെ ബി.ടെക് (ലാറ്ററൽഎൻട്രി) പ്രവേശനത്തിനുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**24.12.2020** ലെ വിജ്ഞാപന പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്ക്/ഗ്രേഡ് ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സപ്ലിമെന്ററി ബി.ടെക് (ലാറ്ററൽഎൻട്രി) റാങ്ക് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്ക/ഗ്രേഡ് വിവരങ്ങൾ അതേപടി ഉപയോഗിച്ചാണ് സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ മാർക്ക് വിവരങ്ങൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും എന്തെങ്കിലും വ്യത്യാസം ഉള്ളപക്ഷം പ്രവേശനം നിരസിക്കുന്നതുമാണ്. വിദ്യാർത്ഥികൾ തെറ്റായി സമർപ്പിച്ച മാർക്ക് വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

**കുറിപ്പ്:** കേരളത്തിലെ സർക്കാർ നിയന്ത്രിത, സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മാത്രമായിരിക്കും സപ്ലിമെന്ററി ബി.ടെക് (ലാറ്ററൽഎൻട്രി) റാങ്ക് ലിസ്റ്റ് ബാധകമാകുന്നത്. സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ബി.ടെക് (ലാറ്ററൽഎൻട്രി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം ഒഴിവുകൾ പിന്നെയും നിലനിൽക്കുന്ന പക്ഷം സപ്ലിമെന്ററി ബി.ടെക് (ലാറ്ററൽഎൻട്രി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്.

സപ്ലിമെന്ററി ബി.ടെക് (ലാറ്ററൽഎൻട്രി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം സീറ്റുകൾ ഒഴിവുള്ള സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

**Help Line Number : 0471 2525300**

തിരുവനന്തപുരം
28.12.2020

Sd/-
**പ്രവേശന പരീക്ഷാ കമ്മീഷണർ**